17
2022
ഫെബ്രുവരി
വ്യാഴം
കുംഭം 6

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 241 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-241 പേജ് 4. വില 2.00 രൂപ

02 വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് 505 കോടി രൂപയുടെ കിഫ്ബി അനുമതി
03 കുടുംബശ്രീ തെരഞ്ഞെടുപ്പ് ; മാറ്റിവച്ച സി.ഡി.എസ് തെരഞ്ഞെടുപ്പ് 18ന്
04 നിയമസഭാ നടപടി പരിഷ്കരണം: സമിതി പ്രവർത്തനം അവസാന ഘട്ടത്തിൽ

## സോളാർ കേസ്: അഡീഷണൽ ജില്ലാ കോടതിക്കു കൈമാറി

തിരുവനന്തപുരം: വി.എസ്. അച്യുതാനന്ദനെതിരായ അപകീർത്തി കേസ് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ നിന്നും അഡീഷണൽ ജില്ലാ കോടതി മൂന്നിനു കൈമാറി. സോളാർ ആരോപണവുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടി നൽകിയ അപകീർത്തി കേസിൽ വി.എസ്. അച്യുതാനന്ദൻ ഉമ്മൻ ചാണ്ടിക്ക് 10,10,000 രൂപ നഷ്ടപരിഹാരം നൽകണമെന്ന സബ് കോടതി ഉത്തരവ് ജില്ലാ കോടതി ഉപാധികളോടെ സ്റ്റേ ചെയ്തിരുന്നു.

ഇതേ തുടർന്ന് തുടർ നടപടികൾക്കായി ജില്ലാ കോടതി കേസ് അഡീഷണൽ ജില്ലാ കോടതി മൂന്നിലേക്കു നൽകി ഉത്തരവാകുകയായിരുന്നു. പതിനഞ്ചു ദിവസത്തിനുള്ളിൽ കോടതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി കെട്ടിവയ്ക്കാൻ നിർദേശിച്ചു. കോടതി നടപടിയുടെ ഭാഗമായി ഉമ്മൻ ചാണ്ടിക്ക് നോട്ടീസും അയച്ചു. മാർച്ച് 22 ന് കോടതി കേസ് വീണ്ടും പരിഗണിക്കും.

# കോവിഡ് : ഇളവുകൾ നൽകാമെന്ന് കേന്ദ്രം

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് കേസുകൾ കുറയുന്ന സാഹചര്യത്തിൽ അതാത് സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ പരിഗണിച്ച് കോവിഡ് നിയന്ത്രണങ്ങളിൽ ആവശ്യമായ ഇളവുകൾ നൽകാമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. കോവിഡ് കേസുകൾ നിരന്തരം വിലയിരുത്താനും നിർദ്ദേശമുണ്ട്.



കേന്ദ്ര ആരോഗ്യമന്ത്രാലയം ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിലാണ് പുതിയ നിർദ്ദേശമുള്ളത്. വിദേശ യാത്രക്കാർക്ക് ഉൾപെടെയുള്ള നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ട്. രാജ്യത്ത് കോവിഡ് കേസുകൾ വർധിച്ചിരുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള യാത്രക്കാർക്കും ചരക്കു നീക്കത്തിനും ഉൾപ്പെടെ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഇളവുകൾ വരുത്താം.

ഇളവുകൾ വരുത്തുന്പോഴും പുതിയ കോവിഡ് കേസുകൾ കണ്ടെത്തുന്നതിലും രോഗവ്യാപനം തടയുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. ടെസ്റ്റ്, ട്രാക്ക്, ട്രീറ്റ്, വാക്സിനേഷൻ എന്നിങ്ങനെയുള്ള അഞ്ചിന കർമ പദ്ധതി പാലിക്കണമെന്നും കേന്ദ്ര ആരോഗ്യ സെക്രട്ടറി സംസ്ഥാനങ്ങൾക്ക് അയച്ച കത്തിൽ പറയുന്നു.

## എൻ.എസ്.ദിനാചരണം വ്യാഴാഴ്ച

കൊല്ലം ജില്ലയിലും സംസ്ഥാനത്തും തൊഴിലാളി വർഗ്ഗ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായിരുന്ന എൻ.ശ്രീധരൻറെ 37ാം ചരമവാർഷിക ദിനാചരണ പരിപാടികൾ വ്യാഴാഴ്ച നടക്കും.

കൊട്ടാരക്കരയിലുണ്ടായ വാഹനാപകടത്തിൽ എൻ.ശ്രീധൻ അന്തരിച്ചിട്ട് ഫെബ്രുവരി 17 ന് 37 വർഷം തികയുകയാണ്. ദിനാചരണത്തിൻറെ ഭാഗമായി വ്യാഴാഴ്ച രാവിലെ 7.30 ന് ആലപ്പുഴ വലിയചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനയും പൊതുസമ്മേളനവും നടക്കും. സംസ്ഥാനകമ്മിറ്റി അംഗം ജി.സുധാകരൻ ഉത്ഘാടനം ചെയ്യും. കൊല്ലം ജില്ലാ സെക്രട്ടറി എസ്.സുദേവൻ, ആലപ്പുഴ ജില്ലാസെക്രട്ടറി ആർ.നാസർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായപി.രാജേന്ദ്രൻ, കെ.വരദരാജൻ, സൂസൻകോടി, സി.ബി.ചനദ്രബാബു, സി.എസ്.സുജാത എന്നിവർ സംസാരിക്കും.

കൊല്ലത്ത് രാവിലെ എൻ.എസ്.സ്മാരക മന്ദിരത്തിൽ സംസ്ഥാന കമ്മിറ്റി അംഗം കെ.വരദരാജൻ പതാക ഉയർത്തും. വൈകിട്ട് 5 മണിക്ക് കൊല്ലം പോളയത്തോട് എൻ.എസ് സ്മാരകഹാളിൽ ചേരുന്ന അനുസ്മരണ സമ്മേളനം സംസ്ഥാനകമ്മിറ്റി അംഗം പി.രാജേന്ദ്രൻ ഉത്ഘാടനം ചെയ്യും. കെ.വരദരാജൻ, എം.എച്ച്.ഷാരിയർ, എക്സ്.ഏണസ്റ്റ് എന്നിവർ പങ്കെടുക്കും.

ചടങ്ങിൽ വച്ച് 2021 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് എൻ.എസ്.എൻഡോവ്മെൻറ് വിതരണം ചെയ്യും. വൈകിട്ട് 5 മണിക്ക് കുലശേഖരപുരം പുളിനിൽക്കും കോട്ടയിൽ നടക്കുന്ന അനുസ്മരണ പൊതുസമ്മേളനം സി.പി.ഐ(എം) സംസ്ഥാന കമ്മിറ്റി അംഗം കെ.രാജഗോപാൽ ഉത്ഘാടനം ചെയ്യും.

## ലുലു ഗ്രൂപ്പിന്റെ സമുദ്രോത്പന്ന കയറ്റുമതി കേന്ദ്രം ഏപ്രിലിൽ പ്രവർത്തനം തുടങ്ങും

### മുതൽ മുടക്ക് 150 കോടി രൂപ

കൊച്ചി: കേരളത്തിൽ ലുലു ഗ്രൂപ്പിന്റെ സമുദ്രോത്പന്ന സംസ്കരണ കേന്ദ്രം വരുന്നു. കൊച്ചിക്കടുത്ത് അരൂരിലാണ് 150 കോടി രൂപ മുതൽ മുടക്കിൽ നൂറു ശതമാനം കയറ്റുമതി ലക്ഷ്യമാക്കിയുള്ള ലുലുവിന്റെ അത്യാധുനിക കേന്ദ്രം പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നത്.

സമുദ്ര വിഭവങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനോടൊപ്പം സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉല്പന്നങ്ങളുടെ കയറ്റുമതിയും ലക്ഷ്യമിടുന്നുണ്ട്. മൂല്യവർധിത ഉൽപ്പന്നങ്ങൾക്കായി മാത്രം പ്രത്യേക യൂണിറ്റും പുതിയ കേന്ദ്രത്തിലുണ്ട്. ഡെന്മാർക്കിൽ നിന്നുള്ള അത്യാധുനിക മെഷിനറികളും ഇതിനകം ലുലു ഗ്രൂപ്പ് ഇറക്കുമതി ചെയ്തിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ നേരിട്ടും അല്ലാതെയും 450 ലധികം ആളുകൾക്കാണ് പുതുതായി തൊഴിൽ ലഭ്യമാകുന്നത്. രണ്ട് യൂണിറ്റുകളിലുമായി മാസം 2,000 ടൺ സമുദ്രോത്പന്നങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, ഇന്തോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിലുള്ള ലുലു ഹൈപ്പർമാർക്കറ്റുകളാണ് പ്രധാന വിപണി. കൂടാതെ യൂറോപ്പ്, യു.കെ. യു.എസ്., ജപ്പാൻ, കൊറിയ, ചൈന എന്നിവിടങ്ങളിലേക്കും കയറ്റുമതി ലക്ഷ്യമിടുന്നുണ്ടെന്നും ജനറൽ മാനേജർ അനിൽ ജലധരനും പ്രൊഡക്ഷൻ മാനേജർ രമേഷ് ബാഹുലേയനും പറഞ്ഞു.

ഏപ്രിൽ അവസാന വാരത്തോടെ കേന്ദ്രം പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്നും അവർ അറിയിച്ചു.

## ആറ്റുകാൽ പൊങ്കാല: വീട്ടിൽ പൊങ്കാല ഇടുമ്പോൾ കരുതൽ വേണമെന്ന് ആരോഗ്യമന്ത്രി

പൊങ്കാല വീടുകളിൽ ഇടുമ്പോൾ കരുതൽ ആവശ്യമാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. വീട്ടിൽ പൊങ്കാലയിടുമ്പോൾ പ്രധാനമായും രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണം. ബന്ധുക്കളും സുഹൃത്തുക്കളും അയൽപക്കക്കാരും ഒത്തുകൂടുന്ന സാഹചര്യമുണ്ടായാൽ കോവിഡ് മാർഗനിർദേശങ്ങൾ പാലിക്കണം. രണ്ടാമത്തേത് തീയിൽ നിന്നും പുകയിൽ നിന്നും സ്വയം സുരക്ഷ നേടണമെന്നും മന്ത്രി പറഞ്ഞു.

കോവിഡ് കേസുകൾ വേഗത്തിൽ കുറഞ്ഞ് വരികയാണെങ്കിലും ഒമിക്രോൺ വകഭേദമായതിനാൽ വളരെ വേഗം പടരും. ഗുരുതരാവസ്ഥ കുറവാണെങ്കിലും കുട്ടികളും പ്രായമായവരും മറ്റസുഖമുള്ളവരും വീട്ടിലുണ്ടെങ്കിൽ അവരെ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ വകുപ്പിൻറെ മാർഗനിർദേശങ്ങൾ എല്ലാവരും പാലിക്കണമെന്നും മന്ത്രി വ്യക്തമാക്കി.

## അട്ടപ്പാടി മധു വധക്കേസ്: സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചു

തിരുവനന്തപുരം: അട്ടപ്പാടി മധു വധക്കേസിൽ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചു. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ സി.രാജേന്ദ്രനാണ് പുതിയ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ. ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഉത്തരവിറക്കി. പാലക്കാടു നിന്നുള്ള രാജേഷ് എം. മേനോൻ അഡിഷണൽ പബ്ലിക് പ്രോസിക്യൂട്ടറാണ്. മധുവിൻറെ കുടുംബത്തിൻറെ ആവശ്യം പരിഗണിച്ചാണ് നിയമനം. 18നാണ് മണ്ണാർക്കാട് എസ്സി, എസ്ടി കോടതി കേസ് പരിഗണിക്കുക.

## യെസ് ബാങ്ക് സ്ഥാപകൻ റാണ കപൂറിന് ജാമ്യം

ന്യൂഡൽഹി: കള്ളപ്പണം വെളുപ്പിക്കൽ കേസിൽ യെസ് ബാങ്ക് സ്ഥാപകൻ റാണ കപൂറിന് ജാമ്യം. മുംബൈ സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. ഉപാദികളോടെയാണ് ജാമ്യം. രാജ്യവിട്ടുപോകാൻ അനുമതിയില്ല. കേസ് പരിഗണിക്കുന്ന എല്ലാ ദിവസവും കോടതിയിൽ ഹാജരാകണം. അഞ്ച് ലക്ഷം രൂപ ജാമ്യത്തുക കെട്ടിവയ്ക്കുകയും ചെയ്യണം.

വ്യവസായി ഗൗതം താപ്പറിനും മറ്റ് ഏഴു പേർക്കും ഡൽഹിയിലെ പ്രധാനപ്പെട്ട സ്ഥലത്ത് വസ്തു വിറ്റതുമായി ബന്ധപ്പെട്ട കേസിൽ ജാമ്യം ലഭിച്ചു. കപൂറും താപ്പറും മറ്റ് ചില കേസുകളുമായി ബന്ധപ്പെട്ട് ജുഡീഷൽ കസ്റ്റഡിയിലായതിനാൽ അവരെ ഇതുവരെ വിട്ടയച്ചിട്ടില്ല.

വിവിധ ബാങ്കുകളിൽനിന്നായി ആകെ 97,000 കോടി രൂപയോളം വായ്പയെടുക്കുകയും ഇതിൽ 31,000 കോടിയും വകമാറ്റിയെന്നുമാണ് ആരോപണം. വ്യാജ കമ്പനികളുടെ വലിയ ശൃംഖലതന്നെ ഇതിനായി ഉപയോഗിച്ചിട്ടുണ്ടെന്നും അന്വേഷണ ഏജൻസികൾ കണ്ടെത്തിയിരുന്നു.

പ്രൊമോട്ടർ കപിൽ വാധാവനുമായി ചേർന്ന് യെസ് ബാങ്കിലെ പണം കൈമാറുന്നതിൽ റാണ കപൂർ ഗൂഢാലോചന നടത്തിയെന്നും ഈ പണം അവസാനം റാണ കപൂറിൻറെ കുടുംബത്തിൻറെ ഉടമസ്ഥതയിലുള്ള ഡുഇറ്റ് അർബൻ വെഞ്ചർസ് ലിമിറ്റഡിൽ എത്തിയെന്നുമായിരുന്നു സിബിഐയുടെ പ്രധാന കണ്ടെത്തൽ.

സിബിഐ അന്വേഷണത്തെ തുടർന്നായിരുന്നു എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കേസിൽ അന്വേഷണം ആരംഭിച്ചത്. സിബിഐയുടെ എഫ്ഐആറിൻറെ അടിസ്ഥാനത്തിൽ റാണാ കപൂർ, ബിന്ദു കപൂർ, ഗൗതം താപ്പർ എന്നിവർക്കും മറ്റ് ഏഴുപേർക്കുമെതിരെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) കള്ളപ്പണം വെളുപ്പിക്കൽ കേസ് ഫയൽ ചെയ്തു.

## പൂർണ എക്സ്പ്രസ് റദ്ദാക്കി; മാർച്ച് ആറിന് ട്രെയിൻ സമയത്തിൽ മാറ്റം

തിരുവനന്തപുരം: മംഗലാപുരംതോകുർ സെക്ഷനിൽ ട്രാക്ക് അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ മാർച്ച് ഏഴിന് പുറപ്പെടാനിരുന്ന എറണാകുളംപൂനെ പ്രതിവാര എക്സ്പ്രസ് ട്രെയിൻ റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു. ഇതിനു പുറമെ മാർച്ച് ആറിന് ചില ട്രെയിനുകളുടെ സമയക്രമത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.






റിപ്പബ്ലിക് ദിനത്തിൽ ന്യൂഡൽഹിയിൽ അവതരിപ്പിച്ച സാംസ്കാരിക പരിപാടിയുടെ പുനരാവിഷ്കാരം ഒരുക്കിയ എൻ.സി.സി. കേഡറ്റുകൾ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിനൊപ്പം

# നടപ്പാക്കാമെന്ന് ഉറപ്പുള്ള സ്ഥലങ്ങളിലേ മാലിന്യ സംസ്കരണ പദ്ധതികൾ വിഭാവനം ചെയ്യാവൂ: മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ

നടപ്പാക്കാൻ കഴിയുമെന്ന് ഉറപ്പുള്ള പ്രദേശങ്ങൾ മാത്രമേ മാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങുന്നതിനായി തെരഞ്ഞെടുക്കാവൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0യുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

വ്യക്തിശുചിത്വത്തിന് പ്രധാന പരിഗണ നൽകുന്ന മലയാളികൾ സാമൂഹിക ശുചിത്വത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നു മന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ മാലിന്യ സംസ്കരണമടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ ശാസ്ത്രീയ സമീപനം സ്വീകരിക്കേണ്ടതുണ്ട്. പല മാലിന്യ സംസ്കരണ പദ്ധതികളും നടപ്പാക്കാൻ പോകുമ്പോൾ ജനങ്ങൾ ശക്തമായി പ്രതിരോധിക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇത്തരം തെറ്റിദ്ധാരണകൾ മാറ്റാനുള്ള ഫലപ്രദമായ ഇടപെടലുകളുണ്ടാകണം. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു മുൻപുതന്നെ അതു നടപ്പാക്കുന്ന സ്ഥലങ്ങളെക്കുറിച്ചു ധാരണയുണ്ടാകണം. നടപ്പാക്കാനാകുമെന്ന് ഉറപ്പുള്ള സ്ഥലങ്ങളിൽ എല്ലാ പശ്ചാത്തലവുമൊരുങ്ങി എന്ന് ഉറപ്പായ ശേഷം മാത്രമേ പ്രാരംഭ നടപടികൾ നടത്താവൂ. വരുന്ന അഞ്ചു വർഷംകൊണ്ട് കേരളത്തെ സമ്പൂർണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുമെന്നും മന്ത്രി പറഞ്ഞു. കുടിവെള്ളവും മാലിന്യ സംസ്കരണമടക്കമുള്ള പൊതു പദ്ധതികളെ കണ്ണുമടച്ച് എതിർക്കുന്ന സാഹചര്യങ്ങൾ പൂർണമായി ഇല്ലാതാക്കണമെന്നു ചടങ്ങിൽ പങ്കെടുത്ത ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി പറഞ്ഞു. ഇതിനു സമൂഹത്തിൽ ശക്തമായ അവബോധം സൃഷ്ടിക്കണം. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധവയ്ക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ജൽശക്തി അഭിയാൻ പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അദ്ദേഹം പുരസ്കാരങ്ങൾ വിതരണം ചെയ്തു.

കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും ആറു കോർപ്പറേഷനുകളിലും എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിക്കുക, അമൃത് 1 ൽ ഉൾപ്പെട്ട ഒമ്പതു നഗരങ്ങളിൽ (സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) ദ്രവമാലിന്യ സംസ്കരണം ഉറപ്പുവരുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിച്ച് അതിന് ചുറ്റുമുള്ള പ്രദേശം ഹരിതാഭമാക്കി പാർക്കുകളായി വികസിപ്പിക്കുക തുടങ്ങിയവ അമൃത് 2.0ൽ ഉൾപ്പെടുന്നു. 1372 കോടി രൂപയാണ് കേരളത്തിന് അമൃത് 2.0 യിൽ കേന്ദ്ര സഹായം ലഭിക്കുക. സംസ്ഥാന വിഹിതം ഉൾപ്പടെ ഏകദേശം 3600 മുതൽ 4000 കോടി രൂപ വരെയുള്ള വിവിധ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. 2011 ലെ ജനസംഖ്യ അനുസരിച്ച് ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള 84 മുനിസിപ്പാലിറ്റികൾക്ക് (കോട്ടയം, ആലപ്പുഴ, പാലക്കാട് ഒഴികെ) 50 ശതമാനം കേന്ദ്ര വിഹിതവും കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികൾക്കും ആറു കോർപ്പറേഷനുകൾക്കും പദ്ധതി തുകയുടെ മൂന്നിലൊന്ന് കേന്ദ്ര സഹായവും ലഭിക്കും.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അധ്യക്ഷത വഹിച്ചു. കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ്, കൊച്ചി മേയർ എം. അനിൽ കുമാർ, തൃശൂർ മേയർ എം.കെ. വർഗീസ്, കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ്, തിരുവനന്തപുരം ഡെപ്യൂട്ടി മേയർ പി.കെ. രാജു, കണ്ണൂർ ഡെപ്യൂട്ടി മേയർ കെ. ഷബീന, ഗുരുവായൂർ മുനിസിപ്പൽ ചെയർമാൻ എം. കൃഷ്ണദാസ്, ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ സൗമ്യ രാജ്, പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ കെ. പ്രിയ അജയൻ എന്നിവർ അമൃത് 1ലെ അനുഭവങ്ങൾ പങ്കുവച്ചു. ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്, തദ്ദേശ സ്വയംഭരണ വകുപ്പ്(നഗരകാര്യം) സെക്രട്ടറി ബിജു പ്രഭാകർ, അമൃത് മിഷൻ ഡയറക്ടർ ഡോ. രേണു രാജ്, ഡെപ്യൂട്ടി മിഷൻ ഡയറക്ടർ എ.എൽ. ചാൾസ് എന്നിവർ പങ്കെടുത്തു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം സെക്രട്ടറി മനോജ് ജോഷി, അഡിഷണൽ സെക്രട്ടറി ഡി. താര എന്നിവർ ഓൺലൈനായി സന്ദേശങ്ങൾ നൽകി.

# കേരള എൻസിസി റിപ്പബ്ലിക് ഡേ കൺഡിജന്റിനു ഹൃദ്യമായ സ്വീകരണം

കേരള എൻ.സി.സി റിപ്പബ്ലിക് ദിന സംഘത്തിന് സംസ്ഥാന സർക്കാരിന് വേണ്ടി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ.ബിന്ദുവിന്റെ ഊഷ്മളമായ സ്വീകരണം. ഇന്ന് തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിലെ കരിയപ്പ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡീഷണൽ ഡയറക്റ്ററുടെ താൽക്കലിക ചുമതലയുള്ള ബ്രിഗേഡിയർ പി.കെ സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ബെസ്റ്റ് കേഡറ്റ് മത്സരത്തിൽ പങ്കെടുത്ത ആറ് പേർക്കും മെഡലുകൾ ലഭിച്ചു. അവരിൽ മൂന്ന് പേർ അഭിമാനകരമായ സ്വർണ മെടൽ നേടി. ഇന്ത്യയിലുടനീളമുള്ള 17 എൻസിസി ഡയറക്ടറേറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. കണ്ടിജന്റ് കമാൻഡർ ലഫ്റ്റനന്റ് കേണൽ ഋതുരാജ് നയിച്ച 57 എൻസിസി കേഡറ്റുകൾ കേരള സംഘത്തിൽ ഉണ്ടായിരുന്നു.

മികച്ച ഗ്രൂപ്പായി തിരഞ്ഞെടുത്ത ബ്രിഗേഡിയർ ഇ.ഗോവിന്ദിന്റെ നേതൃത്വത്തിലുള്ള കോഴിക്കോട് എൻ.സി.സി.ഗ്രൂപ്പിനു ബഹു: ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ.ബിന്ദു ആർ.ഡി ബാനർ സമ്മാനിച്ചു. ഈ വർഷത്തെ റിപ്പബ്ലിക് ദിന ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച എൻസിസി കേഡറ്റുകൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മന്ത്രി വിതരണം ചെയ്തു. കേരള എൻസിസി റിപ്പബ്ലിക് ദിന സംഘത്തെ മികച്ച കേഡറ്റ് വിഭാഗങ്ങളിൽ സ്വർണമെഡലുകൾ ഉൾപ്പെടെ ദേശീയതലത്തിൽ പുരസ്കാരങ്ങൾ നേടുന്നതിനും അതുവഴി കേരളത്തെ മുന്നിൽ നിർത്തിയതിനും മന്ത്രി തന്റെ പ്രസംഗത്തിൽ അഭിനന്ദിച്ചു. കാൻസർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങളെ തുടച്ചുനീക്കുന്നതിൽ എൻസിസി നൽകുന്ന സാമൂഹിക ബോധവൽക്കരണ പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. കൂടാതെ, പാലക്കാട് ചേരാട് കുന്നിൽ കുടുങ്ങിയ ശ്രീ.ബാബുവിനെ രക്ഷപ്പെടുത്തിയ ഇന്ത്യൻ സൈന്യത്തെ അഭിനന്ദിക്കുകയും ചെയ്തു.

സീനിയർ ഡിവിഷൻ (ആർമി) വിഭാഗത്തിൽ അഖിലേന്ത്യാ ബെസ്റ്റ് കേഡറ്റിനുള്ള സ്വർണ മെഡൽ പട്ടാമ്പി ശ്രീ നീലകണ്ഠ ഗവൺമെൻറ് സംസ്കൃത കോളേജിലെ ഒറ്റപ്പാലം 28 (കെ) ബറ്റാലിയനിൽ നിന്നുള്ള മാധവ് എസ് സ്വന്തമാക്കി. സീനിയർ ഡിവിഷൻ (നേവി) വിഭാഗത്തിൽ ബെസ്റ്റ് കേഡറ്റിനുള്ള സ്വർണ മെഡൽ തേവര സേക്രഡ് ഹാർട്ട് കോളേജിലെ എർണാകുളം 7(കെ) നേവൽ യൂണിറ്റ് എൻസിസിയിൽ നിന്നുള്ള കുരുവിള കെ അഞ്ചേരിലും സീനിയർ വിംഗ് (ആർമി) വിഭാഗത്തിൽ ബെസ്റ്റ് കേഡറ്റിനുള്ള സ്വർണ മെഡൽ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ 21 (കെ) ബറ്റാലിയനിൽ നിന്നുള്ള കീർത്തി യാദവും നേടി.

സീനിയർ വിംഗ് (നേവി) വിഭാഗത്തിൽ ബെസ്റ്റ് കേഡറ്റിനുള്ള വെള്ളി മെഡൽ തേവര സേക്രഡ് ഹാർട്ട് കോളേജിലെ എർണാകുളം 7(കെ) നേവൽ യൂണിറ്റ് എൻസിസിയിൽ നിന്നുള്ള മീനാക്ഷി എ നായർ സ്വന്തമാക്കി.

സീനിയർ ഡിവിഷൻ (എയർ) വിഭാഗത്തിൽ തിരുവനന്തപുരം എംജി കോളേജിലെ 1(കെ) എയർ സ്ക്വാഡ്രൺ എൻസിസിയിൽ നിന്നുള്ള അർജുൻ വേണുഗോപാലും സീനിയർ വിംഗ് (എയർ) വിഭാഗത്തിൽ എം.ജി കോളേജിൽ നിന്ന് തന്നെയുള്ള എം അക്ഷിതയും വെങ്കല മെഡൽ നേടി.

# ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ എൻ.സി.സി ബാനറുകൾ സമ്മാനിച്ചു

ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ഈ വർഷത്തെ എൻ.സി.സി ബാനറുകൾ സമ്മാനിച്ചു. മികച്ച ഒന്നാമത്തെ ഗ്രൂപ്പിനുള്ള അവാർഡ് കോഴിക്കോട് എൻ.സി.സി ഗ്രൂപ്പ് കമാൻണ്ടർ ബ്രിഗേഡിയർ ഇ. ഗോവിന്ദിനും രണ്ടാമത്തെ ഗ്രൂപ്പിനുള്ള അവാർഡ് കോട്ടയം എൻ.സി.സി ഗ്രൂപ്പ് കമാൻണ്ടർ ബ്രിഗേഡിയർ എം.എൻ സാജനും ഏറ്റുവാങ്ങി. 202122 ൽ സംസ്ഥാനത്തെ അഞ്ച് എൻ.സി.സി ഗ്രൂപ്പുകളിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തിയ ഗ്രൂപ്പിനെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ബാനറിനായി തെരഞ്ഞെടുത്തത്. സംസ്ഥാനത്തെ ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള മത്സരത്തിൽ ജൂനിയർ ഡിവിഷൻ/വിംഗ് അവാർഡ് പട്ടം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ (1 കേരള എയർ സ്ക്വാഡ്രൻ), ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സീനിയർ ഡിവിഷൻ/വിംഗ് സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജ് (5 കേരള ബറ്റാലിയൻ), ബെസ്റ്റ് യൂണിറ്റിനുള്ള അവാർഡ് 33 കേരള ബറ്റാലിയൻ എൻ.സി.സി നെടുങ്കണ്ടം എന്നിവർക്കും ലഭിച്ചു.

പാങ്ങോട് കരിയപ്പ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഒഫിഷ്യേറ്റിങ് അഡീഷണൽ ഡയറക്ടർ ജനറൽ ബ്രിഗേഡിയർ ഇ. ഗോവിന്ദ് അധ്യക്ഷത വഹിച്ചു. റിപ്പബ്ലിക് ദിനത്തിൽ ന്യൂഡൽഹിയിൽ അവതരിപ്പിച്ച സാംസ്കാരിക പരിപാടിയുടെ പുനരാവിഷകാരം അരങ്ങേറി. 17 എൻ.സി.സി ഡയറക്ടറേറ്റുകൾ തമ്മിൽ നടന്ന മത്സരത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് 57 എൻ.സി.സി കേഡറ്റുകളാണ് പങ്കെടുത്തത്. 2021 ഡിസംബർ 17 മുതൽ ഫെബ്രുവരി ഒന്നുവരെ നടന്ന ഓൾ ഇന്ത്യ മത്സരത്തിൽ കേരള എൻ.സി.സി ചരിത്രത്തിൽ ആദ്യമായി മത്സരിച്ച ആറ് ബെസ്റ്റ് കേഡറ്റുകളിൽ ആറിലും പതക്കങ്ങൾ കരസ്ഥമാക്കി. സംസ്ഥാനത്തിൽ നിന്നും പോയ 57 കേഡറ്റുകളിൽ 15 കേഡറ്റുകൾ രാജ്പത് മാർച്ചിലേക്കും നാല് കേഡറ്റുകൾ ഗാർഡ് ഓഫ് ഓണറിനും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

# വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് 505 കോടി രൂപയുടെ കിഫ്ബി അനുമതി

## കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്; 268 കോടി അനുവദിച്ചു

സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി 505.55 കോടി രൂപയുടെ കിഫ്ബി അനുമതി ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോട്ടയം മെഡിക്കൽ കോളേജ് 268 കോടി, താലൂക്ക് ആശുപത്രി അടിമാലി 12.54 കോടി, കാസർഗോഡ് മെഡിക്കൽ കോളേജ് 31.7 കോടി, കോഴഞ്ചേരി ജില്ലാ ആശുപത്രി 30.35, കോന്നി മെഡിക്കൽ കോളേജ് 18.72 കോടി, റാന്നി താലൂക്ക് ആശുപത്രി 15.60 കോടി, അടൂർ ജനറൽ ആശുപത്രി 14.64 കോടി എന്നീ ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾക്കാണ് തുകയനുവദിച്ചത്. ഇതുകൂടാതെ കണ്ണൂർ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന് 114 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കോട്ടയം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായാണ് തുകയനുവദിച്ചത്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കായാണ് ഈ ബ്ലോക്ക് സജ്ജമാക്കുന്നത്. 8 നിലകളിലായി 27,374 സ്ക്വയർ മീറ്റർ വിസ്തൃതിയിലുള്ളതാണ് കെട്ടിടം. 362 കിടക്കകൾ, 11 ഓപ്പറേഷൻ തീയറ്ററുകൾ, 60 ഐസിയു കിടക്കകൾ എന്നിവയും ഈ കെട്ടിടത്തിലുണ്ടാകും. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്ന കോട്ടയം മെഡിക്കൽ കോളേജിൽ ഈ ബ്ലോക്ക് വരുന്നതോടെ വലിയ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രി പൂർത്തിയാക്കുന്നതിനാണ് 31.7 കോടി രൂപ അനുവദിച്ചത്. ആശുപത്രി പൂർത്തിയാക്കുന്നതിന് ഈ തുക ആവശ്യമായതിനാൽ മന്ത്രിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നാണ് നടപടികൾ സ്വീകരിച്ചത്. തുക ലഭ്യമായാൽ നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# ഈഞ്ചക്കൽ ഫ്ളൈഓവർ നിർമാണ നടപടി തുടങ്ങി: മന്ത്രി ആന്റണി രാജു

തിരുവനന്തപുരം നഗരത്തിലെ ഈഞ്ചക്കൽ ജംഗ്ഷനിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരമായി മേൽപ്പാലം നിർമിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ഗതാഗത മന്ത്രി ആന്റണി രാജു അറിയിച്ചു. കഴക്കൂട്ടംകാരോട് ബൈപ്പാസിൽ ഏറ്റവും കൂടുതൽ ഗതാഗത തിരക്കുള്ള ഈഞ്ചക്കൽ ജംഗ്ഷനിൽ ഫ്ളൈഓവർ നിർമിക്കണമെന്ന ആവശ്യവുമായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയെ മന്ത്രി ഡൽഹിയിൽ കണ്ട് നിവേദനം സമർപ്പിച്ചിരുന്നു. കേന്ദ്ര മന്ത്രിയുടെ നിർദ്ദേശത്തെത്തുടർന്ന് ദേശീയപാത അതോറിറ്റി അധികൃതർ ഫ്ളൈഓവറിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികളാരംഭിച്ചു. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കാലാവധി മൂന്ന് മാസമാണ്. ചെറുതും വലുതുമായ ആറു റോഡുകൾ സംഗമിക്കുന്ന ഈഞ്ചക്കൽ ജംഗ്ഷനിൽ മേൽപ്പാലം നിർമിച്ച് ഗതാഗതക്കുരുക്ക് ശാശ്വതമായി പരിഹരിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

200 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴക്കൂട്ടംകാരോട് ബൈപ്പാസിലെ സഞ്ചാരം സുഗമമാക്കാനും കോവളം, ശംഖുമുഖം, വിഴിഞ്ഞം തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് നഗരത്തിലേയ്ക്ക് വേഗത്തിൽ എത്താനും ഈഞ്ചക്കൽ ജംഗ്ഷനിൽ ഫ്ളൈഓവർ നിർമിക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

# സിക്ക് തലപ്പാവ് നിരോധിക്കുമോ ഇത് ശത്രുതാപരമായ വിവേചനം; ശിരോവസ്ത്രത്തിൽ പൊള്ളി കർണാടക

ബംഗളൂരു: സമൂഹത്തിൽ നൂറുകണക്കിനു മതചിഹ്നങ്ങൾ നിലനിൽക്കുമ്പോൾ എന്തുകൊണ്ടാണ് സർക്കാർ ശിരോവസ്ത്രം മാത്രം തെരഞ്ഞെടുക്കുന്നത്. ഇത് ശത്രുതാപരമായ വിവേചനമാണെന്നും ശിരോവസ്ത്ര നിരോധനത്തിനെതിരെ ഹർജിക്കാർ കോടതിയിൽ.

കർണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശിരോവസ്ത്രം വിലക്കിയതു ചോദ്യം ചെയ്തുള്ള ഹർജികളിൽ ചീഫ് ജസ്റ്റീസ് ഉൾപ്പെടുന്ന വിശാല ബെഞ്ചിനു മുന്നിലായിരുന്നു വാദം.

തുടർച്ചയായി നാലാം ദിവസമാണ് കേസിൽ വാദം നടക്കുന്നത്. ഹർജിക്കാർക്കു വേണ്ടി അഭിഭാഷകൻ രവി വർമ കുമാറാണ് വാദിക്കുന്നത്. സമൂഹത്തിൽ ദിനേന ആളുകൾ തലപ്പാവ്, കുരിശ്, സിന്ദൂരം തുടങ്ങി നൂറുകണക്കിന് മതചിഹ്നങ്ങളാണ് അണിയുന്നത്.

സമൂഹത്തിലെ മതചിഹ്നങ്ങളുടെ വിശാലമായ വൈവിധ്യം മാത്രമായാണ് താൻ ഇതിനെ കാണുന്നത്. അങ്ങനെയിരിക്കെ എന്തിനാണ് ശിരോവസ്ത്രം മാത്രം നിരോധിച്ച് വിദ്വേഷപരമായ വിവേചനം കാണിക്കുന്നത് വർമ കുമാർ ചോദിച്ചു.

കൈയിൽ ധരിക്കുന്ന ചരട് മതചിഹ്നമല്ലേ എന്തുകൊണ്ടാണ് നിങ്ങൾ പാവം മുസ്‌ലിം പെൺകുട്ടികളെ മാത്രം തെരഞ്ഞെടുക്കുന്നത്.


മതത്തിൻറെ പേരിൽ മാത്രമാണ് ഹർജിക്കാരിയെ ക്ലാസിൽനിന്നും പുറത്താക്കിയത്. പൊട്ടുതൊട്ട കുട്ടിയെ ക്ലാസിൽനിന്നും പുറത്താക്കുന്നില്ല. വള അണിഞ്ഞ കുട്ടിയെ പുറത്താക്കുന്നില്ല. ക്രിസ്ത്യാനികൾ അണിയുന്ന കുരിശിനെ തൊടുന്നില്ല. എന്തുകൊണ്ടാണ് ഈ പെൺകുട്ടികളെ മാത്രം ഇത് ഭരണഘടനയുടെ 15 ാം വകുപ്പിൻറെ ലംഘനമാണെന്നും രവി വർമ കുമാർ വാദിച്ചു.

സ്കാർഫുകൾ അനുവദനീയമാണ്. വളകൾ അനുവദനീയമാണ്. എന്തുകൊണ്ടാണ് ശിരോവസ്ത്രം മാത്രം സിക്കുകാരുടെ തലപ്പാവിനും ക്രിസ്ത്യാനികളുടെ കുരിശിനും എന്തുകൊണ്ടാണ് നിരോധനം ഇല്ലാത്തതെന്നും അഭിഭാഷകൻ ചോദിച്ചു.

മറ്റൊരു മതചിഹ്നവും പരിഗണിക്കപ്പെടുന്നില്ല. എന്തുകൊണ്ടാണ് ശിരോവസ്ത്രം മാത്രം ഈ നടപടികൾ അവരുടെ മതത്തിൻറെ പേരിലുള്ളതല്ലെ മുസ്‌ലിം പെൺകുട്ടികൾക്കെതിരായ വിവേചനം തികച്ചും മതത്തിൻറെ അടിസ്ഥാനത്തിലുള്ളതാണ്. ഇത് ശത്രുതാപരമായ വിവേചനമാണെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ യൂണിഫോം മാറ്റാൻ ഉദ്ദേശിക്കുമ്പോൾ ഒരു വർഷം മുമ്പ് രക്ഷിതാക്കൾക്കു നോട്ടിസ് നൽകണമെന്നാണ് ചട്ടത്തിൽ പറയുന്നതെന്നു അഭിഭാഷകൻ ചൂണ്ടിക്കാട്ടി. ശിരോവസ്ത്ര നിരോധനമുണ്ടെങ്കിൽ അത് ഒരു വർഷം മുമ്പ് അറിയിക്കണമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സംസ്ഥാനത്ത് ഇന്ന് 12,223 പേർക്ക് കോവിഡ്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 12,223 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 2944, തിരുവനന്തപുരം 1562, കോട്ടയം 1062, കൊല്ലം 990, കോഴിക്കോട് 934, തൃശൂർ 828, ഇടുക്കി 710, ആലപ്പുഴ 578, പത്തനംതിട്ട 555, വയനാട് 495, കണ്ണൂർ 444, പാലക്കാട് 438, മലപ്പുറം 419, കാസർഗോഡ് 264 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 77,598 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,32,052 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്.

ഇവരിൽ 2,26,887 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 5,165 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 765 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,13,798 കോവിഡ് കേസുകളിൽ, 4.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 25 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 118 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 195 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 63,019 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 33 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 11,046 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1,056 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 88 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 21,906 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1956, കൊല്ലം 3182, പത്തനംതിട്ട 605, ആലപ്പുഴ 1577, കോട്ടയം 2713, ഇടുക്കി 1220, എറണാകുളം 3514, തൃശൂർ 1402, പാലക്കാട് 1115, മലപ്പുറം 1300, കോഴിക്കോട് 1563, വയനാട് 511, കണ്ണൂർ 966, കാസർഗോഡ് 282 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 1,13,798 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 62,62,770 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.



പാണ്ഡവൻ പാറയിൽ സി.കെ. ഹരീന്ദ്രൻ എം.എൽ.എ യുടെ നേതൃത്വത്തിൽ ചേർന്ന യോഗം

# നിയമസഭാ സമ്മേളനം 18 മുതൽ; ബഡ്ജറ്റ് അവതരണം മാർച്ച് 11ന്

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനം 18ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിക്കും. 2022 23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റും അനുബന്ധ രേഖകളും ധനമന്ത്രി മാർച്ച് 11ന് സഭയിൽ അവതരിപ്പിക്കും.

ഫെബ്രുവരി 21ന് സഭാംഗമായിരുന്ന പി. ടി. തോമസിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തി മറ്റു നടപടികളിലേക്ക് കടക്കാതെ സഭ പിരിയുമെന്ന് സ്പീക്കർ എം. ബി. രാജേഷ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഗവർണറുടെ പ്രസംഗത്തിൽ നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിലുള്ള ചർച്ച 22, 23, 24 തീയതികളിൽ നടക്കും. ഫെബ്രുവരി 25 മുതൽ മാർച്ച് 10 വരെ സഭയുണ്ടാവില്ല.

മാർച്ച് 14 മുതൽ 16 വരെ ബഡ്ജറ്റിലുള്ള പൊതുചർച്ച നടക്കും. 17ന് അന്തിമ ഉപധനാഭ്യർത്ഥനകൾ സഭ പരിഗണിക്കും.

202223 വർഷത്തെ ആദ്യ നാലു മാസത്തെ ചെലവുകൾ നിർവഹിക്കുന്നതിനുള്ള വോട്ട് ഓൺ അക്കൗണ്ട് മാർച്ച് 22നും ഉപധനാഭ്യർത്ഥനകളെയും വോട്ട് ഓൺ അക്കൗണ്ടിനെയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകൾ യഥാക്രമം 21, 23 തീയതികളിലും പരിഗണിക്കും.

21, 23 തീയതികളിൽ സർക്കാർ കാര്യങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള സമയം വിനിയോഗിക്കുന്നത് സംബന്ധിച്ച് 21ന് ചേരുന്ന കാര്യോപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഭ തീരുമാനിക്കും.

മാർച്ച് 23ന് സമ്മേളനം അവസാനിക്കുമെന്ന് സ്പീക്കർ പറഞ്ഞു.

# പട്ടികജാതി/വർഗക്കാർക്ക് സൗജന്യ തൊഴിൽമേള

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിനു കീഴിൽ തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/വർഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് വേണ്ടി സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി 80ഓളം ഒഴിവുകളാണുള്ളത്. മാർച്ച് മൂന്നിനാണ് തൊഴിൽമേള.

തിരുവനന്തപുരം ജില്ലയിലെ ഒഴിവുകൾക്ക് 12ാം ക്ലാസ്സ്/ ഡിപ്ലോമ/ ഡിഗ്രി/ അതിനു മുകളിലെ യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്.

കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഒഴിവുകൾ ഡിഗ്രിയോ അതിനു മുകളിലോ യോഗ്യത വേണം. 1830 വയസ്സ് ആണ് പ്രായപരിധി. ഉദ്യോഗാർഥികൾ 27നകം https://forms.gle/k2m8xDhYNkYLVixz6 ൽ രജിസ്റ്റർ ചെയ്യണം. ഇന്റർവ്യൂ ദിവസം ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2332113/ 8304009409.

# അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി മേഖലാ കേന്ദ്രത്തിൽ ആരംഭിക്കുന്ന തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകളായ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് ആൻഡ് ജി.എസ്.ടി യൂസിങ് ടാലി (മൂന്ന് മാസം, യോഗ്യത : പ്ലസ് ടു കോമേഴ്സ് ബി.കോം/ ഡി.സി.പി/എച്ച്.ഡി.സി/ ജെ. ഡി.സി/ബി. ബി.എ), ഡി.സി.എഫ്.എ (ആറു മാസം, യോഗ്യത: പ്ലസ് ടു കോമേഴ്സ് .ബി.കോം/ ഡി.സി.പി /എച്ച്.ഡി.സി/ ജെ.ഡി.സി/ ബി.ബി.എ) ഒഴിവുള്ള സീറ്റുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ ൃൃൃ.ഹയരെലിൃമഹമ.ീൃഴ വെബ്സൈറ്റിലും 0474 2970780 നമ്പരിലും ലഭിക്കും.

# സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് 2020ന് അപേക്ഷിക്കാം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പൊതുജനങ്ങൾക്കായി ഓൺലൈൻ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു.

'കോവിഡ് പ്രതിരോധം, അതിജീവനം' ആണ് വിഷയം. മാർച്ച് മൂന്നുവരെ statephotographyaward.kerala.gov.in ൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം. കേരളം പശ്ചാത്തലമായ ഫോട്ടോഗ്രാഫുകൾക്കാണ് മുൻഗണന. മത്സരത്തിന് ഒരാൾക്ക് മൂന്ന് എൻട്രികൾ വരെ അയയ്ക്കാം.

ഫോട്ടോഗ്രാഫി പ്രൊഫഷനായി സ്വീകരിച്ചവർക്കും അമച്വർ ഫോട്ടോഗ്രാഫർമാർക്കും മത്സരത്തിൽ പങ്കെടുക്കാം.

സർക്കാർ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഫോട്ടോഗ്രാഫർമാരായി ജോലി ചെയ്യുന്നവർക്ക് മത്സരത്തിൽ പങ്കെടുക്കാനാവില്ല.

എൻട്രികളായി ലഭിക്കുന്ന ഫോട്ടോകൾ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് നിയന്ത്രണ വിധേയമായി ഉപയോഗിക്കാൻ അധികാരം ഉണ്ടായിരിക്കും.

എൻട്രികളിൽ ആദ്യ മൂന്ന് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോകൾക്ക് യഥാക്രമം 50,000, 30,000, 25,000 രൂപ വീതം സമ്മാനം നൽകും. കൂടാതെ ജേതാക്കൾക്ക് സാക്ഷ്യപത്രവും ശിൽപവും ലഭിക്കും.

പത്തുപേർക്ക് പ്രോത്സാഹന സമ്മാനം ആയി 2,500 രൂപ വീതവും സാക്ഷ്യപത്രവും നൽകും.

കൂടുതൽ വിവരങ്ങൾക്ക്: statephotographyaward.kerala.gov.in

# കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കോട്ടയം ജില്ലയിലെ അപേക്ഷകളിൽ തിരുവനന്തപുരം കമ്മീഷൻ ഓഫീസിൽ ഓൺലൈൻ സിറ്റിങ് നടത്തും.

ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

ഫെബ്രുവരി 18, 19, 21, 22 തീയതികളിലാണ് സിറ്റിങ്. രാവിലെ 10 ന് സിറ്റിങ് ആരംഭിക്കും.

ഓൺലൈൻ സിറ്റിങ്ങിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ കൃത്യ സമയത്ത് ഹാജരാകണം.

സിറ്റിംഗിന് ഹാജരാകുന്നവർ കോവിഡ്19 മാനദണ്ഡങ്ങൾ പാലിക്കണം.

# ദർഘാസ് ക്ഷണിച്ചു

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ബയോമെഡിക്കൽ എൻജിനീയറിങ് വിഭാഗത്തിലേക്ക് ഇലക്ട്രിക്കൽ സ്പെയേഴ്സ് വിതരണം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. മാർച്ച് എട്ട് ഉച്ചയ്ക്ക് 2:30 വരെ സമർപ്പിക്കാം. ഫോമുകൾ മാർച്ച് ഏഴ് ഉച്ചയ്ക്ക് 2:30 വരെ ലഭിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ 0474 2572574, 0474 2572572.

# സ്കൂൾ സുരക്ഷയ്ക്കായി പരിശീലനം ജില്ലാ കലക്ടർ

കൊല്ലം : സ്കൂളുകളുടെ സമ്പൂർണ സുരക്ഷ ജില്ലയിൽ ഉറപ്പാക്കുമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കലക്ടർ അഫ്സാന പർവീൺ. ഇതു സാധ്യമാക്കുന്നതിന് വിവിധ സ്കൂളുകളിലെ തിരഞ്ഞെടുത്ത അധ്യാപകർക്ക് പരിശീലനം നൽകാൻ തുടങ്ങി. ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റാണ് ഓൺലൈൻ ക്ലാസ് നയിക്കുന്നത്.

ഓരോ സ്കൂളിൽ നിന്നും ഒരു അധ്യാപകൻ/അധ്യാപികയെ ഫോക്കൽ പോയിന്റ് ടീച്ചറായി തിരഞ്ഞെടത്താണ് സുരക്ഷാകാര്യങ്ങൾക്കായി സജ്ജമാക്കുന്നത്. സർക്കാർ എയ്ഡഡ്സ്വകാര്യ സ്കൂളുകളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്തിയാണ് പരിശീലനം.

അധ്യാപകർക്ക് ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് മാതൃകയിൽ സ്കൂൾ സുരക്ഷാ സമിതി, ദുരന്തനിവാരണ പ്ലാൻ, സ്വയരക്ഷാ മാർഗങ്ങൾ എന്നിവയെ സംബന്ധിച്ച് തുടർന്നും ക്ലാസ്സുകൾ നൽകുമെന്ന് ജില്ലാ കലക്ടർ വ്യക്തമാക്കി. ഫെബ്രുവരി 19 വരെയാണ് പരിശീലനം.

# കാവ്യകേളി പരിശീലനം

കവിതാപരിചയം, ഉച്ചാരണ ശുദ്ധി, വാക്യശുദ്ധി, കവിതയിലെ താളബോധം എന്നിവ പഠിതാക്കളിൽ ഉറപ്പിക്കുന്നതിനായി വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ആഭിമുഖ്യത്തിൽ കാവ്യകേളി പരിശീലനം ആരംഭിക്കുന്നു. പ്രഗത്ഭരായ ഗുരുക്കൻമാർ നയിക്കുന്ന ക്ലാസ് ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. 10 വയസ്സിനും 25 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷയുടെ മാതൃക വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ വാട്ട്സ് ആപ്പ്, ഫെയ്സ്ബുക്ക് (https://www.facebook.com/Vyloppilli/) ഗ്രൂപ്പിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ തപാൽ മാർഗ്ഗമോ (വിലാസം: സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നാളന്ദ, നന്തൻകോട്, തിരുവനന്തപുരം 3) directormpcc@gmail.com എന്ന ഇമെയിലിലോ ഫെബ്രുവരി 25ന് മുൻപ് ലഭിക്കണം. സൗജന്യമായിട്ടാണ് ക്ലാസ് നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 0471 2311842.

# ധനസഹായം കൈമാറി

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ അംഗതൊഴിലാളിയായിരുന്ന പ്രസന്നൻ നിർമ്മാണ ജോലിക്കിടയിൽ മരണപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന് അപകടമരണ ധനസഹായമായി നാല് ലക്ഷം രൂപ അനുവദിച്ചു. തുക ബോർഡ് ചെയർമാൻ വി. ശശികുമാർ പ്രസന്നന്റെ ഭാര്യ ശ്രീകലയ്ക്ക് കൈമാറി. ബോർഡ് ഡയറക്ടർമാരായ മണ്ണാറം രാമചന്ദ്രൻ, തമ്പി കണ്ണാടൻ, ഇ. ദിവാകരൻ, സെക്രട്ടറി ആർ. പ്രമോദ്, എക്സിക്യൂട്ടീവ് ഓഫീസർ (ആസ്ഥാനം) ദിനിൽകുമാർ. ജി, തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അമൃത, അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അനിത എന്നിവരും സന്നിഹിതരായിരുന്നു. മരണപ്പെട്ട പ്രസന്നന് ഭാര്യയും വിദ്യാർഥിനികളായ രണ്ടു പെൺമക്കളുമാണുള്ളത്.

# അപേക്ഷ ക്ഷണിച്ചു

കൊല്ലം : കെൽട്രോൺ കൊല്ലം നോളജ് സെന്ററിൽ ത്രൈമാസ കോഴ്സുകളായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് ഗ്രാഫിക്സ് ഡിസൈനിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്ട്സിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.

വിശദവിവരങ്ങൾക്ക് ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, ടൗൺ അതിർത്തി, കൊല്ലം. ഫോൺ 9567422755, 9847452727.

# കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് ; മാറ്റിവച്ച സി.ഡി.എസ് തെരഞ്ഞെടുപ്പ് 18ന്

## ഭാരവാഹികൾ 21ന് ചുമതലയേൽക്കും

തിരുവനന്തപുരം : കോവിഡ് 19 വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെത്തുടർന്ന് മാറ്റിവച്ച എട്ട് ജില്ലകളിലെ കുടുംബശ്രീ സി.ഡി.എസ് ഭാരവാഹി തെരഞ്ഞെടുപ്പ് ഫെബ്രുവരി 18ന് നടത്താൻ സർക്കാർ ഉത്തരവ് പുറത്തിറക്കി. തെരഞ്ഞെടുത്ത സി.ഡി.എസ് ഭരണസമിതി 21ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റെടുക്കും.

സി.ഡി.എസ് തെരഞ്ഞെടുപ്പ് മാറ്റിവച്ച തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് തെരഞ്ഞെടുപ്പ് നടത്താനാണ് ഉത്തരവ്. ഈ ജില്ലകളിൽ അയൽക്കൂട്ടം, എ.ഡി.എസ് തല തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കിയിരുന്നു.

2022 ജനുവരി 25ന് തെരഞ്ഞെടുപ്പ് നടത്തി, പുതിയ സി.ഡി.എസ് ഭരണസമിതി 26ന് ചുമതല ഏൽക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ് വ്യാപനം വർദ്ധിച്ചതോടെ ജില്ലകളെ എ,ബി,സി എന്നീ മൂന്ന് വിഭാഗങ്ങളിലായി തിരിക്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതോടെയാണ് തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കേണ്ടി വന്നത്. ബി,സി എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടാത്ത കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ മാത്രമാണ് മുൻനിശ്ചയിച്ച പ്രകാരം തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ ഭരണസമിതി ചുമതല ഏറ്റെടുത്തത്.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എറണാകുളം മേഖലാ ഓഫീസിൽ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിലും (50,200 1,05,300), എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കും (26,50060,700) അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു.

വകുപ്പ് മേധാവിയുടെ നിരാക്ഷേപപത്രം സഹിതം നിശ്ചിത ഫോമിൽ അപേക്ഷ 28ന് മുമ്പ് സമർപ്പിക്കണം. ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.സി.പി ബിൽഡിംഗ്, ആര്യശാല, തിരുവനന്തപുരം 695036 എന്ന വിലാസത്തിലാണ് അപേക്ഷ നൽകേണ്ടത്.

# വിലനിലവാര സൂചിക

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2021 ഡിസംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2021 നവംബർ മാസത്തിലേത് ബ്രാക്കറ്റിൽ.

തിരുവനന്തപുരം 186 (182), കൊല്ലം 181 (178), പുനലൂർ 188 (184), പത്തനംതിട്ട 197 (194), ആലപ്പുഴ 193 (190), കോട്ടയം 188 (186), മുൺണ്ടക്കയം 183 (181), ഇടുക്കി 185 (182), എറണാകുളം 182 (181), ചാലക്കുടി 193 (190), തൃശൂർ 196 (193), പാലക്കാട് 176 (174), മലപ്പുറം 182 (180), കോഴിക്കോട് 189 (186), വയനാട് 182 (181), കണ്ണൂർ 196 (193), കാസർഗോഡ് 190 (189).

# പാർവതി പുത്തനാർ വീതികൂട്ടാൻ 87 കോടി: മന്ത്രി

ദേശീയ ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി പാർവതി പുത്തനാറിന്റെ വീതി കൂട്ടുവാനായി 87.18 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചതായി മന്ത്രി ആന്റണി രാജു അറിയിച്ചു. പനത്തുറ, ഇടയാർ, മൂന്നാറ്റമുക്ക്, പൂന്തുറ, മുട്ടത്തറ, വള്ളക്കടവ്, ചാക്ക, കരിക്കകം, വെൺപാലവട്ടം എന്നീ ഭാഗങ്ങളിൽ 19.10 ഏക്കർ സ്ഥലം ഏറ്റെടുത്താണ് വീതി കൂട്ടുന്നത്. 25 മീറ്റർ വീതിയിലാണ് പാർവതി പുത്തനാർ നവീകരിക്കുന്നത്. 16.50 കിലോമീറ്റർ നീളത്തിൽ പാർവതി പുത്തനാർ പുനർജനിക്കുന്നതോടെ തിരുവനന്തപുരം നഗരത്തിലെ ജലഗതാഗത മേഖലയുടെയും ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും വികസനത്തിന് സഹായകരമാകുമെന്ന് മന്ത്രി ആന്റണി രാജു അഭിപ്രായപ്പെട്ടു.

# അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യണം

കേരള സ്റ്റേറ്റ് ഹയർ ജുഡിഷ്യൽ സർവീസ്(പ്രിലിമിനറി) പരീക്ഷ ഫെബ്രുവരി 20ന് എറണാകുളത്തെ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

പരീക്ഷാർഥികൾ കേരള ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടലായ ൃൃൃ.വരസൃലരൃൗശാോലി.േശര.ശി ൽ നിന്ന് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യണമെന്ന് രജിസ്ട്രാർ ജനറൽ അറിയിച്ചു.

# ഓൺലൈൻ നോട്ടറി പുതുക്കൽ

1956ലെ നോട്ടറി ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയ്ക്ക് അനുസൃതമായി ഓൺലൈൻ നോട്ടറി പുതുക്കൽ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനാൽ നിയമിതരായതും സാധുതയോടുകൂടിയ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ഉള്ളതുമായ എല്ലാ നോട്ടറിമാരും അവരവരുടെ പേര്, രജിസ്റ്റർ നമ്പർ, മേൽവിലാസം (റസിഡൻഷ്യൽ & ഓഫീസ്), ഇമെയിൽ വിലാസം എന്നിവ 28ന് മുൻപ് മൊബൈൽ ഫോൺ നമ്പർ സഹിതം ഇംഗ്ലീഷിൽ രേഖപ്പെടുത്തി നിയമ വകുപ്പിൽ l-aw-h-d-ep-t@gm-a-i-l.com എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കണം.




ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ എൻ.സി.സി. ബാനറുകൾ മന്ത്രി ഡോ. ആർ. ബിന്ദു സമ്മാനിക്കുന്നു

# പോലീസിൽ കുഴപ്പക്കാരുണ്ടെന്ന് സമ്മതിച്ച് മുഖ്യമന്ത്രി

ആലപ്പുഴ: ആഭ്യന്തര വകുപ്പിനെതിരായ വിമർശനം അംഗീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. പോലീസിൽ കുഴപ്പക്കാർ ഉണ്ടെന്ന് അദ്ദേഹം സമ്മതിച്ചു. കുഴപ്പക്കാരെ ശ്രദ്ധിക്കും. അവർക്കെതിരെ നടപടി എടുക്കുമെന്നും വിമർശനങ്ങൾ അംഗീകരിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആലപ്പുഴ ജില്ലാ സമ്മേളനത്തിൻറെ സംഘടനാ റിപ്പോർട്ടിനുള്ള മറുപടിയിലാണ് പൊതുചർച്ചയിൽ ആഭ്യന്തര വകുപ്പിനെതിരായി ഉയർന്ന വിമർശനം മുഖ്യമന്ത്രി അംഗീകരിച്ചത്.

സിപിഎമ്മിലെ വിഭാഗീയതയ്ക്കെതിരെയും മുഖ്യമന്ത്രി പാർട്ടിയംഗങ്ങൾക്ക് മുന്നറിയിപ്പ് നൽകി. ആരെയും ചാരി നിൽക്കരുത്. വിഭാഗീയത അവസാനിപ്പിക്കണം. ഇല്ലെങ്കിൽ കടുത്ത നടപടി ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ചില സഖാക്കളെ കുറിച്ച് പറഞ്ഞ വിമർശനം സംബന്ധിച്ച് അത് ശരിയാണോ എന്ന് അവർ സ്വയം പരിശോധിക്കണം. വിഭാഗീയതയിൽ കടുത്ത നടപടി ഉണ്ടാകും. വിഭാഗീയതയ്ക്ക് ആരൊക്കെ ആണ് നേതൃത്വം നൽകുന്നത് എന്ന് കൃത്യമായി അറിയാം. അവർ തിരുത്തണം. അല്ലെങ്കിൽ തിരുത്തിക്കും.

സിപിഐ സിപിഎമ്മിൻറെ ശത്രുവല്ല. സിപിഐ ശത്രുതയോടെ കാണരുത്. കുട്ടനാട് എംഎൽഎ തോമസ് കെ. തോമസിനെ നിയന്ത്രിക്കാൻ പോകണ്ട. വരുതിക്ക് നിർത്തണമെന്ന് മോഹം വേണ്ട. എൻസിപി എൽഡിഎഫിൻറെ ഘടകകക്ഷിയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ കൂട്ടിച്ചേർത്തു.

## ലോഗോ ക്ഷണിച്ചു

കുടുംബശ്രീ മിഷൻ നടത്തുന്ന സരസ്സ് മേള 2022 ന്റെ പ്രചരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായി ലോഗോ ക്ഷണിച്ചു. തിരുവനന്തപുരത്തിന്റെ തനത് സാംസ്കാരിക തനിമ ഉൾക്കൊള്ളുന്നതായിരിക്കണം ലോഗോ. മാർച്ച് 28 മുതൽ ഏപ്രിൽ 10 വരെ തിരുവനന്തപുരം കനകക്കുന്നിലാണ് മേള സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾക്ക് പുറമേ വിവിധ സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങൾ, ഇന്ത്യ ഫുഡ്കോർട്ട് എന്നിവയാണ് പ്രധാന ആകർഷണം. ഒന്നാം സ്ഥാനം ലഭിക്കുന്ന ലോഗോയ്ക്ക് 5,000 രൂപ സമ്മാനം ലഭിക്കും. ലോഗോ അയക്കുന്ന ആളിന്റെ ഫോട്ടോ, ഫോൺ നമ്പർ, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് കൂടി അയക്കണമെന്ന് ജില്ലാ മിഷൻ കോഓർഡിനേറ്റർ അറിയിച്ചു. അവസാന തീയതി ഫെബ്രുവരി 28. വിലാസം ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ, ജില്ലാ പഞ്ചായത്ത് രണ്ടാം നില, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം. ഫോൺ 0471 2447552.



18.02.2022 വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിക്കുന്ന, പതിനഞ്ചാം കേരള നിയമസഭയുടെ 4 ാം സമ്മേളനത്തിന് തുടക്കം കുറിച്ച് നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിന് ബഹു. ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ നേരിട്ടു ക്ഷണിക്കുന്നതിനായി ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. എം.ബി. രാജേഷ് രാജ്ഭവനിൽ എത്തിയപ്പോൾ

# ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്ത് സംയോജിപ്പിക്കും; മന്ത്രി ആർ.ബിന്ദു

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ ലൈബ്രറികളെയും ഡിജിറ്റലൈസ് ചെയ്ത് സംയോജിപ്പിച്ചുകൊണ്ട് എവിടെയിരുന്നും വിദ്യാർത്ഥികൾക്ക് വിവരങ്ങൾ ശേഖരിക്കാവുന്ന സംവിധാനത്തിന് രൂപം കൊടുക്കാനുള്ള പ്രാഥമിക നടപടികൾ പുരോഗമിക്കുകയാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു .വട്ടിയൂർകാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ നിർമിച്ച ലബോറട്ടറി ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കൂടാതെ അന്തർ ദേശീയ നിലവാരമുള്ള ജേണലുകളുടെ കൺസോർഷ്യം സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും അദ്ധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കാവുന്ന രീതിയിലാണ് കൺസോർഷ്യത്തിന്റെ രൂപീകരണമെന്നും മന്ത്രി പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകി ഈ രംഗത്തെ ഗുണമേന്മാ വർധനവിനായി സർക്കാർ വലിയ ഇടപെടലുകൾ നടത്തി വരികയാണ്. ഈ മേഖലയിൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. അവരുടെ ഇടക്കാല റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു. ഇതിന്റെ ഭാഗമായി നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ടും സമർപ്പിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടി ചേർത്തു.

ഉദ്പ്പാദന മേഖലയ്ക്ക് പ്രധാന പരിഗണന നൽകുന്ന കാലത്ത് ഈ മേഖലയിൽ സഹായകരമായ ഉപകരണങ്ങളുടെ നിർമാണത്തിനടക്കം യുവാക്കളെ പ്രേരിപ്പിക്കുന്ന തരത്തിൽ നൂതന അറിവുകളിലേക്കും കണ്ടുപിടുത്തങ്ങളിലേക്കും നയിക്കാൻ കൂടി കലാലയ സമൂഹം തയ്യാറാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തൊഴിൽ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതിന്റെ ഭാഗമായി 20 ലക്ഷം യുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കാവുന്ന വിധത്തിൽ വൈദഗ്ധ്യ പോഷണം നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടെന്നും ജോലിയും വൈദഗ്ധ്യവും തമ്മിലുള്ള സംയോജനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തുടനീളം നിരവധി ജോബ് ഫെയറുകൾ നടത്തി വരുന്നതായും മന്ത്രി പറഞ്ഞു.

വി.കെ പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഡോ.റീന കെ.എസ്, കൗൺസിലർമാരായ നന്ദഭാർഗ്ഗവ്, ഐ.എം.പാർവതി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയ്ന്റ് ഡയറക്ടർ ബീന.പി, ജോയ്ന്റ് ഡയറക്ടർ കെ.എൻ ശശികുമാർ, പി.ടി.എ വൈസ് പ്രസിഡന്റ് പ്രേം കുമാർ.എം, പ്രിൻസിപ്പാൾ സിനിമോൾ.കെ.ജി തുടങ്ങിയവരും പങ്കെടുത്തു.

## അപേക്ഷ തിയതി നീട്ടി

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ ഡിപ്ലോമ പ്രോഗ്രാമിന് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിന് ബിരുദമാണ് യോഗ്യത. അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ നന്താവനം എസ്. ആർ. സി. ഓഫീസിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഠഠഠ ൃൈരര.ശി , 04712325101, 2325102, 9447471600

## ഓംബുഡ്സ്മാൻ സിറ്റിംഗ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി വർക്കല ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഓംബുഡ്സ്മാൻ സിറ്റിംഗ് നടത്തും. ഫെബ്രുവരി 19ന് (ശനി)രാവിലെ 11 മുതൽ ഒരു മണി വരെയാണ് സിറ്റിംഗ്. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും പൊതുജനങ്ങൾക്ക് നേരിട്ട് സമർപ്പിക്കാമെന്ന് ഓംബുഡ്സ്മാൻ എൽ. സാം ഫ്രാങ്ക്ളിൻ അറിയിച്ചു.

# നിയമസഭാ നടപടി പരിഷ്കരണം: സമിതിയുടെ പ്രവർത്തനം അവസാന ഘട്ടത്തിൽ

## കോവിഡ് കാലത്ത് സഭ സമ്മേളിച്ചത് 61 ദിവസം

നിയമസഭാ ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും കാലോചിതമായി വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ശുപാർശ നൽകാനായി നിയോഗിച്ച അഡ്ഹോക്ക് കമ്മിറ്റിയുടെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണെന്ന് സ്പീക്കർ എം. ബി. രാജേഷ് പറഞ്ഞു. മന്ത്രി കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിലാണ് കമ്മിറ്റി. സമ്പൂർണ കടലാസ് രഹിത സഭ എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനായി വിഭാവനം ചെയ്ത ഇ നിയമസഭ പദ്ധതിയും അവസാന ഘട്ടത്തിലാണ്. കേരള നിയമസഭയും നിയമസഭാ സമിതികളും കോവിഡ് കാലത്തും ഫലപ്രദമായി പ്രവർത്തിച്ചതായി സ്പീക്കർ പറഞ്ഞു. 2021ൽ 61 ദിവസമാണ് സഭ ചേർന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസം പ്രവർത്തിച്ചത് കേരള നിയമസഭയാണ്. ഈ കാലയളവിൽ 60ൽ താഴെ ദിവസങ്ങളിലാണ് ലോക്സഭ സമ്മേളിച്ചത്. യു. പി.നിയമസഭ 17 ദിവസവും പഞ്ചാബ് നിയമസഭ 11 ദിവസവുമാണ് സമ്മേളിച്ചത്. നിയമസഭാ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഓൺലൈൻ യോഗങ്ങൾ നടത്താൻ ഇന്ത്യയിൽ ആദ്യം തീരുമാനിച്ചത് കേരളത്തിലാണ്. ജനാധിപത്യത്തിന്റെ കേരള മാതൃക എന്ന് വിശേഷിപ്പിക്കാവുന്ന ഈ മികച്ച നേട്ടം അഭിമാനകരമാണെന്ന് സ്പീക്കർ പറഞ്ഞു.

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ ദേശീയ തലത്തിലുള്ള വനിതാ സാമാജികരെ പങ്കെടുപ്പിച്ച് രണ്ടു ദിവസത്തെ നാഷണൽ വിമൻ ലെജിസ്ലേച്ചേഴ്സ് കോൺഫറൻസ് ഏപ്രിലിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഇന്ത്യൻ സ്വാതന്ത്ര്യ സമരാനുഭവങ്ങൾ വിശദമാക്കുന്ന സമഗ്രമായ ഓഡിയോ വീഡിയോ ചിത്രപ്രദർശനം നിയമസഭാ മ്യൂസിയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും. നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് സ്പീക്കർ അറിയിച്ചു.

## പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകി

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്കുള്ള സൗജന്യ ലാപ്ടോപ്പ് വിതരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയങ്ക നിർവഹിച്ചു. 202122 സാമ്പത്തിക വർഷത്തെ പട്ടികജാതി വികസന ഫണ്ടിൽ നിന്നാണ് മുപ്പതിനായിരം രൂപ വീതം വിലവരുന്ന ലാപ്ടോപ്പുകൾ 20 കുട്ടികൾക്ക് വിതരണം ചെയ്തത്. ബിരുദത്തിന് പഠിക്കുന്ന പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പഞ്ചായത്ത് മിനി ഹാളിൽ നടന്ന ചടങ്ങിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

## ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തു

ബാലരാമപുരം നെല്ലിവിള അന്തിയൂർ സ്കൂളിന് സമീപത്ത് ഒരു വീട്ടിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന ഗാർഹികാവശ്യത്തിനുള്ള 11 സിലിണ്ടറുകളും (7 നിറസിലിണ്ടറുകളും 4 കാലി സിലിണ്ടറുകളും) വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന 8 സിലിണ്ടറുകളും (3 നിറ സിലിണ്ടറുകളും 5 കാലി സിലിണ്ടറുകളും ) ജില്ലാ സപ്ലൈ ഓഫീസർ സി.എസ് ഉണ്ണികൃഷ്ണ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ പിടിച്ചെടുത്തു. ഗാർഹികവ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന സിലിണ്ടറുകൾ അനധികൃതമായി സൂക്ഷിക്കുന്നതും വിതരണം ചെയ്യുന്നതും എൽ.പി.ജി റെഗുലേഷൻ ആക്ട് 2000 പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. പിടിച്ചെടുത്ത സിലിണ്ടറുകൾ അംഗീകൃത ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. മേഖലയിലെ ചായക്കടകളിലും തട്ടുകടകളിലും ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ വ്യാപകമായി ഉപയോഗിക്കുന്നുവെന്ന പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തത്. തുടർന്നും വ്യാപക പരിശോധന നടത്തുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. റെയ്ഡിൽ കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസർ ബി.ശ്രീകുമാർ, റേഷനിംഗ് ഇൻസ്പെക്ടർമാരായ ജയകുമാർ. ആർ, ഷിബു.ആർ, സജാദ്.എ, സന്ധ്യാകുമാരി.വി.ആർ, രമ്യാ.ആർ.നായർ എന്നിവരും

## ലക്ഷ്യ മെഗാ ജോബ് ഫെയർ: തൊഴിൽദാതാക്കൾക്ക് ഫെബ്രുവരി 23 വരെ രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ സ്കിൽ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന 'ലക്ഷ്യ മെഗാ ജോബ് ഫെയർ മാർച്ചിൽ നടക്കും. തൊഴിൽ ദാതാക്കൾക്ക് ഫെബ്രുവരി 23 വരെയും തൊഴിലന്വേഷകർക്ക് ഫെബ്രുവരി 26 മുതൽ മാർച്ച് ഒമ്പത് വരെയും www.sta-te-jo-bpor-ta-l.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് മേളയിൽ പങ്കെടുക്കാമെന്ന് ജില്ലാ നൈപുണ്യ വികസന കമ്മിറ്റി അറിയിച്ചു.

സ്കൂൾ, കോളേജ്, വിദ്യാഭ്യാസ യോഗ്യതകൾക്കു പുറമെ മറ്റു അംഗീകൃതമായ ഹ്രസ്വ, ദീർഘകാല കോഴ്സുകൾ ചെയ്ത തൊഴിൽ അന്വേഷകർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് lum-in-a-k-a-se@gm-a-i-l.com എന്ന മെയിൽ ഐഡിയിൽ ബന്ധപ്പെടുക.

## ഡി.ഫാം സപ്ലിമെന്ററി പരീക്ഷ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട് ക സപ്ലിമെന്ററി പരീക്ഷ സംസ്ഥാനത്തെ വിവിധ ഫാർമസി കോളേജുകളിൽ മാർച്ച് 16 മുതൽ നടത്തും. പരീക്ഷക്ക് രജിസ്റ്റർ ചെയ്യേണ്ട അപേക്ഷകർ നിശ്ചിതതുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി 19നു മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. അതത് കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ ഫെബ്രുവരി 22ന് മുമ്പ് ചെയർപേഴ്സൺ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം11 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി ബുക്കിന്റെ പേര് സാക്ഷ്യപ്പെടുത്തുന്ന പകർപ്പ് വയ്ക്കണം. വിശദവിവരങ്ങൾ www.dm-e.k-er-a-l-a.gv.in ലും വിവിധ ഫാർമസി കോളേജുകളിലും ലഭിക്കും.

## കടമ്പ്രയാർ സംരക്ഷണം: നിയമസഭ പരിസ്ഥിതി സമിതി സന്ദർശിക്കും

കടമ്പ്രയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും വിവരശേഖരണത്തിനും തെളിവെടുപ്പിനുമായി നിയമസഭ പരിസ്ഥിതി സംബന്ധിച്ച സമിതി 25ന് എറണാകുളത്തെത്തും. രാവിലെ 10ന് എറണാകുളം ജില്ലാ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിലെ ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് തെളിവെടുക്കും. കടമ്പ്രയാറിൽ മാലിന്യനിക്ഷേപം കൂടുതലുള്ളതായി പറയപ്പെടുന്ന ബ്രഹ്മപുരം, യൂറോടെക്കിന് സമീപമുള്ള മണക്കടവ് പാലം, ഇൻഫോപാർക്ക് പാലം എന്നിവിടങ്ങൾ സന്ദർശിക്കും.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ. എൻജിനിയറിങ് കോളേജിൽ ട്രാൻസ്ലേഷണൽ റിസർച്ച് ആൻഡ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നു. വിശദവിവരങ്ങൾക്ക്: www.g-e-c-b-h.a-c.in / www.tp-l-c.g-e-c-b-h.a-c.in.

## ടെണ്ടർ ക്ഷണിച്ചു

കൊല്ലം : വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഇന്റർലോക്ക് ഇടുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ഫെബ്രുവരി 21 ഉച്ചയ്ക്ക് 12 മണിക്കകം സമർപ്പിക്കണം. ഫോൺ 0474 2467167.

വെളിനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 52 മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ടെണ്ടർ ക്ഷണിച്ചു. ഫെബ്രുവരി 18 ഉച്ചയ്ക്ക് 12 മണിക്കകം സമർപ്പിക്കണം. ഫോൺ 0474 2467167.

വെളിനല്ലൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ അപകടകരമായി നിൽക്കുന്ന 16 മരങ്ങൾ മുറിച്ചുമാറ്റുന്നത് ടെണ്ടർ ക്ഷണിച്ചു. ഫെബ്രുവരി 21 ഉച്ചയ്ക്ക് ഒരു മണിക്കകം സമർപ്പിക്കണം. ഫോൺ 0474 2467167.



സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ നിർമിച്ച ലബോറട്ടറി ബ്ലോക്കിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസസാമൂഹ്യ നീതി വകുപ്പ് മന്ത്രി ആർ. ബിന്ദു നിർവഹിക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.